# ഖുർആൻ ബോധനം

എ.വൈ.ആർ

സൂറഃ-9

# അത്തൗബ

۞وَمَا كَانَ ٱلْمُؤْمِنُونَ لِيَنفِرُوا۟ كَآفَّةً ۚ فَلَوْلَا نَفَرَ مِن كُلِّ فِرْقَةٍ مِّنْهُمْ طَآئِفَةٌ لِّيَتَفَقَّهُوا۟ فِى ٱلدِّينِ وَلِيُنذِرُوا۟ قَوْمَهُمْ إِذَا رَجَعُوٓا۟ إِلَيْهِمْ لَعَلَّهُمْ يَحْذَرُونَ ﴿١٢٢﴾

**122.** സത്യവിശ്വാസികളൊന്നടങ്കം ജിഹാദിന് ഇറങ്ങിത്തിരിക്കേണ്ടതുണ്ടായിരുന്നില്ല. അവരിലെ ഓരോ ഗണത്തിൽനിന്നും ഒരു സംഘമാളുകൾ ദീനിൽ വ്യുൽപത്തി നേടുന്നതിനുവേണ്ടി ഇറങ്ങിത്തിരിക്കാത്തതെന്തുകൊണ്ട്? ഓരോ സംഘവും സ്വജനങ്ങളിൽ തിരിച്ചുചെന്ന് ഉദ്ബോധനം ചെയ്യാൻ; അവർ ദീനീ നിയമങ്ങളിൽ ജാഗ്രതയുള്ളവരാകുന്നതിനുവേണ്ടി.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ قَـٰتِلُوا۟ ٱلَّذِينَ يَلُونَكُم مِّنَ ٱلْكُفَّارِ وَلْيَجِدُوا۟ فِيكُمْ غِلْظَةً ۚ وَٱعْلَمُوٓا۟ أَنَّ ٱللَّهَ مَعَ ٱلْمُتَّقِينَ ﴿١٢٣﴾

**123.** അല്ലയോ വിശ്വാസികളായവരേ, കൊടിയ സത്യനിഷേധികളിൽ നിങ്ങളുടെ അടുത്തുള്ളവരോടു പോരാടുവിൻ. അവർ നിങ്ങളെ ശൗര്യമുള്ളവരായി കാണട്ടെ. തീർച്ചയായും അല്ലാഹുവുള്ളത് ഭക്തന്മാരുടെ കൂടെയാണെന്നറിഞ്ഞിരിക്കുവിൻ.

وَمَا كَانَ ٱلْمُؤْمِنُونَ لِيَنفِرُوا۟= സത്യവിശ്വാസികൾ (ജിഹാദിന്) ഇറങ്ങിത്തിരിക്കുന്നത് ഭൂഷണമായിരുന്നില്ല
(ഇറങ്ങിത്തിരിക്കേണ്ടതുണ്ടായിരുന്നില്ല) كَآفَّةً= ഒന്നടങ്കം فَلَوْلَا نَفَرَ= എന്തുകൊണ്ട് ഇറങ്ങിത്തിരിച്ചില്ല
مِن كُلِّ فِرْقَةٍ= എല്ലാ (ഓരോ) ഗണത്തിൽനിന്നും مِّنْهُمْ طَآئِفَةٌ= അവരിലെ ഒരു സംഘം ആളുകൾ
لِّيَتَفَقَّهُوا۟= അവർ വ്യുൽപത്തി നേടാൻ فِى ٱلدِّينِ= ദീനി(കാര്യങ്ങളി)ൽ وَلِيُنذِرُوا۟ = അവർ മുന്നറിയിപ്പ്(ഉദ്ബോധനം) നൽകാൻ
قَوْمَهُمْ= അവരുടെ സമൂഹത്തിന്(സ്വജനങ്ങളെ) إِذَا رَجَعُوٓا۟= അവർ തിരിച്ചുചെന്നാൽ إِلَيْهِمْ= അവരിലേക്ക്
لَعَلَّهُمْ يَحْذَرُونَ= അവർ (ദീനി നിയമങ്ങൾ പാലിക്കുന്നതിൽ) ജാഗ്രതയുള്ളവരാകുന്നതിനുവേണ്ടി,
ദൈവഭയമുള്ളവരാകുന്നതിനുവേണ്ടി يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟= അല്ലയോ സത്യവിശ്വാസികളായവരേ قَـٰتِلُوا۟= നിങ്ങൾ പോരാടുവിൻ
ٱلَّذِينَ يَلُونَكُم= നിങ്ങളോട് അടുക്കുന്നവരോട് (അടുത്തുള്ളവരോട്) مِّنَ ٱلْكُفَّارِ = കൊടിയ സത്യനിഷേധികളിൽനിന്ന്
وَلْيَجِدُوا۟= അവർ കാണട്ടെ فِيكُمْ= നിങ്ങ(ളെ)ളിൽ غِلْظَةً = കാർക്കശ്യം, പാരുഷ്യം (ശൗര്യമുള്ളവരായി)
وَٱعْلَمُوٓا۟= നിങ്ങൾ അറിഞ്ഞിരിക്കുവിൻ أَنَّ ٱللَّهَ= തീർച്ചയായും അല്ലാഹു (ഉള്ളത്) مَعَ ٱلْمُتَّقِينَ= ഭക്തന്മാരുടെ കൂടെയാണ്

**122:** സജ്ജന സമ്പർക്കവുമായി ബന്ധപ്പെടുത്തി വിശ്വാസികളുടെ ശിക്ഷണവും വിദ്യാഭ്യാസവും സംബന്ധിച്ച് സുപ്രധാനമായ ഒരു നിർദേശം നൽകുകയാണ് ഈ സൂക്തം. നേരത്തെ 97-ാം സൂക്തത്തിൽ, മദീനയിൽനിന്നും പ്രവാചകനിൽനിന്നും അകന്നുകഴിയുന്ന ബദവികൾ സത്യനിഷേധത്തിലും കാപട്യത്തിലും ദീനീ കാര്യങ്ങളെ സംബന്ധിച്ച അജ്ഞതയിലും കൂടുതൽ അകപ്പെട്ടുപോകുന്നതായി പ്രസ്താവിച്ചിട്ടുണ്ട്. ഈ ദോഷങ്ങൾ പരിഹരിക്കാനുള്ള മാർഗവും കൂടിയാണ് ഈ നിർദേശം.

ജിഹാദ് അടക്കമുള്ള ദീനീതാൽപര്യങ്ങൾക്കുവേണ്ടിയും പ്രവാചകൻ ഏൽപിക്കുന്ന ദൗത്യങ്ങൾക്കുവേണ്ടിയും വിശ്വാസി

കൾ മുന്നോട്ടുവരണമെന്ന് ഈ സൂറയിൽ ആവർത്തിച്ച് ആഹ്വാനം ചെയ്യുകയും അതിൽനിന്ന് പിന്നോട്ടടിക്കുന്നവരെ രൂക്ഷമായി വിമർശിക്കുകയും ചെയ്തിട്ടുണ്ട്. ഈ ആഹ്വാനങ്ങൾ മുഖവിലക്കെടുത്ത വിശ്വാസികൾ പിന്നീട് പ്രവാചകൻ ഏതെങ്കിലും ദൗത്യം ആവശ്യപ്പെടുമ്പോൾ കൂട്ടത്തോടെ അങ്ങോട്ടു പുറപ്പെടാൻ തുടങ്ങി. വിദൂര ഗോത്രങ്ങളിൽ പ്രബോധനം ചെയ്യാൻ നബി(സ) ശിഷ്യന്മാരെ നിയോഗിച്ചിരുന്നു. ഇസ്‌ലാമിനും മദീനക്കുമെതിരെ കലാപത്തിനു മുതിരുന്ന ഗോത്രങ്ങൾക്കെതിരെ സൈനിക ദളങ്ങളെ (سرية) നിയോഗിച്ചിരുന്നു. ഇതിനൊക്കെ പോകാൻ യോഗ്യരായ ആളുകളുടെയും പോയിട്ടുള്ളവരുടെയും പേരുവിവരം രേഖപ്പെടുത്തിയ പട്ടികയൊന്നും ഉണ്ടായിരുന്നില്ല. നബി(സ) ഒരു ദൗത്യത്തെക്കുറിച്ചു പറഞ്ഞാൽ ശിഷ്യന്മാർ സ്വയം അതേറ്റെടുത്തു നടപ്പിലാക്കുകയായിരുന്നു പൊതുരീതി. പ്രത്യേക വ്യക്തികളെ വിളിച്ചേൽപിക്കുന്ന കാര്യങ്ങളേ അവർ മാത്രമായി ചെയ്യാറുള്ളൂ. ജിഹാദീ ദൗത്യങ്ങൾ സമൂഹം പൊതു ബാധ്യതയായി ഏറ്റെടുത്തു തുടങ്ങിയപ്പോൾ ആളുകൾക്ക് ദീനീ വിദ്യാഭ്യാസത്തിൽ ശ്രദ്ധ കുറഞ്ഞുവന്നു. ചിലപ്പോൾ മദീനയിൽ പ്രവാചകന്റെ അടുത്ത് ആരും ഇല്ലാത്ത അവസ്ഥയുണ്ടായി. പ്രവാചക ജീവിതം ശിഷ്യന്മാർക്കുള്ള അധ്യാപനം കൂടിയായിരുന്നല്ലോ. പ്രവാചകന്റെ അടുത്ത് ആരും ഇല്ലാതാകുന്നത് അത്രയും പാഠങ്ങൾ സമൂഹത്തിന് നഷ്ടപ്പെടുന്നതിനു തുല്യമായിരുന്നു. കൂടാതെ ദിവ്യവെളിപാട് അവതരിക്കുന്നുമുണ്ടായിരുന്നു. ഖുർആൻ സൂക്തങ്ങൾ അവതരിക്കുമ്പോൾ അത് ഉടനടി ഹൃദിസ്ഥമാക്കാനും എഴുതിവെക്കാനും ആരുമില്ലാതെ പോകാൻ പാടുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ വിശ്വാസികളൊന്നടങ്കം യാത്രതിരിക്കേണ്ടതില്ല. ഓരോ ദൗത്യത്തിനും യോഗ്യരായ ആളുകൾ അതിനാവശ്യമുള്ള എണ്ണം മാത്രം പോയാൽ മതി. എല്ലാ ഗണങ്ങളിൽനിന്നും ഒരു ഗ്രൂപ്പ് ദീനീ വിദ്യാഭ്യാസത്തിനു വേണ്ടി ഇറങ്ങിത്തിരിക്കണം. അവർ പഠിച്ച കാര്യങ്ങൾ നാട്ടിൽ തിരിച്ചു ചെന്ന് സ്വജനങ്ങളെ പഠിപ്പിക്കുകയും വേണം. നാട്ടുകാർക്ക് ദൈവഭയവും ദീനീ നിയമങ്ങൾ പാലിക്കുന്നതിൽ ജാഗ്രതയുമുണ്ടാവാൻ അതാവശ്യമാകുന്നു. ഇവിടെ ഇറങ്ങിപ്പുറപ്പെടാനാവശ്യപ്പെടുന്നത് പ്രവാചക സഭയിലേക്കാണ്. അന്നത്തെ ഏറ്റം ആധികാരിക വിജ്ഞാനകേന്ദ്രം പ്രവാചകന്റെ പള്ളിയായിരുന്നു. وَمَا كَانَ ٱلْمُؤْمِنُونَ لِيَنفِرُوا۟ كَآفَّةً (വിശ്വാസികളൊന്നടങ്കം ഇറങ്ങിത്തിരിക്കേണ്ടതില്ല) എന്ന വാക്യത്തിന്, സമൂഹത്തിലെ എല്ലാവരും ജിഹാദിനു പോകേണ്ടതില്ല എന്നാണ് പണ്ഡിതന്മാർ പൊതുവിൽ അർഥം കൽപിച്ചിട്ടുള്ളത്. ജിഹാദ് സാമൂഹിക ബാധ്യത(فرض كفاية)യാണ്. സമൂഹത്തിൽ ചില ആളുകൾ നിർവഹിച്ചാൽ എല്ലാവരും ബാധ്യതയിൽനിന്നൊഴിവാകും.

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും ലക്ഷ്യവും മാർഗവുമെല്ലാം ഈ സൂക്തം സൂചിപ്പിക്കുന്നുണ്ട്. ജിഹാദും പ്രബോധനവും പോലെതന്നെ പ്രധാനമാണ് ദീനീ വിദ്യാഭ്യാസം. ജിഹാദും പ്രബോധനവും മാത്രമല്ല ജീവിതം മുഴുവൻ തന്നെ സംസ്കരിക്കാനും ലക്ഷ്യത്തിലെത്തിക്കാനും വിദ്യാഭ്യാസം കൂടിയേ തീരൂ. വിദ്യാഭ്യാസമെന്നാൽ പദാർഥ ശാസ്ത്ര പഠനമോ ഭാഷാ പഠനമോ തൊഴിൽ പരിശീലനമോ അല്ല. സ്വന്തം ജീവിതത്തെയും ചുറ്റുപാടിനെയും സംസ്കരിക്കാൻ കഴിവാർജിക്കുകയാണ്. ഇതാണ് ദീനീ വിദ്യാഭ്യാസം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ജീവിതത്തെ ദൈവഹിതത്തിന് വിധേയമാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ശാസ്ത്ര പഠനത്തിനും സാങ്കേതിക ജ്ഞാനത്തിനുമൊന്നും ഇസ്‌ലാമിക വിദ്യാഭ്യാസത്തിൽ സ്ഥാനമില്ല എന്നല്ല ഇതിനർഥം. ഏതു അറിവും ആത്യന്തികമായി മാനവജീവിതത്തെ സംസ്കരിക്കുന്നതും ശുദ്ധീകരിക്കുന്നതുമാവണം. ജീവിതത്തെ എത്രത്തോളം ദൈവത്തോട് അടുപ്പിക്കുന്നുവോ അത്രത്തോളമാണ് അത് സംസ്കൃതവും ശുദ്ധീകൃതവുമാവുക. ജീവിതം ദൈവത്തോടടുക്കണമെങ്കിൽ മനുഷ്യൻ ദൈവത്തെയും അവന്റെ ഹിതങ്ങളെയും അറിഞ്ഞിരിക്കേണ്ടതനിവാര്യമാണ്. ഈ അറിവിൽ അധിഷ്ഠിതമായ ശാസ്ത്രങ്ങളും കലകളുമെല്ലാം ദീനീ വിദ്യാഭ്യാസം തന്നെയാണ്. ദൈവത്തെയും അവന്റെ ശാസനകളെയും നിഷേധിച്ചുകൊണ്ടോ അവഗണിച്ചുകൊണ്ടോ ഉള്ള വിജ്ഞാനം എത്ര വർധിച്ച തോതിൽ ആർജിച്ചവരും ദീനീദൃഷ്ടിയിൽ അജ്ഞരാണ്. ഔഷധത്തിന്റെ ചേരുവകളും നിർമാണ രീതിയും സൂക്ഷ്മമായി അറിയുന്ന ഒരാൾ. അയാൾ പക്ഷേ താൻ നിർമിക്കുന്ന ഔഷധം ഇന്ന രോഗത്തിനുള്ളതാണെന്നും ഇന്ന രൂപത്തിലാണത് ഉപയോഗിക്കേണ്ടതെന്നും അറിയുന്നില്ല. അല്ലെങ്കിൽ അംഗീകരിക്കുന്നില്ല. തന്റെ ഔഷധം രുചിക്കുവേണ്ടി, അല്ലെങ്കിൽ ലഹരിക്കുവേണ്ടി അതുമല്ലെങ്കിൽ അന്യരെ അപായപ്പെടുത്താൻ വേണ്ടി ഉള്ളതാണെന്നാണ് അയാൾ കരുതുന്നത്. എങ്കിൽ അതിന്റെ അപകടം എത്ര വലുതായിരിക്കും! ഇതുതന്നെയാണ് അല്ലാഹുവിനെയും അവന്റെ ധർമ വ്യവസ്ഥയെയും നിഷേധിക്കുന്ന വിദ്വാന്മാരുടെ അവസ്ഥയും.

മൂലത്തിലെ لِّيَتَفَقَّهُوا۟ എന്ന പദത്തെയാണ് അവർ വ്യുൽപത്തി നേടാൻ എന്ന് തർജമ ചെയ്തിരിക്കുന്നത്. സാധാരണ പഠനം, വിദ്യാഭ്യാസം (تعليم–تعلم) എന്നു പറയുന്നതിനെക്കാൾ ആശയ ഗരിമയുള്ള പദമാണ് تفقه. പ്രത്യക്ഷമായി അറിഞ്ഞ സംഗതികളിലൂടെ പരോക്ഷമായ അറിവുകളിലേക്കെത്തിച്ചേരുക التوصل بعلم شاهد الى علم غائب എന്നാണ് പണ്ഡിതന്മാർ تفقهനെ നിർവചിച്ചിട്ടുള്ളത്. മതിലിനപ്പുറത്ത് പുക ഉയരുന്നത് കാണുമ്പോൾ അതു പുകയാണെന്ന് മനസ്സിലാക്കുന്നത് ഒരു പ്രത്യക്ഷമായ അറിവാണ്. അതിന് താഴെ തീകത്തുന്നുണ്ട് എന്ന് മനസ്സിലാക്കുന്നത് പുകയുടെ ദൃശ്യത്തിലൂടെ നേടുന്ന പരോക്ഷമായ അറിവാണ്. പുക കണ്ടാൽ അതിനു താഴെ തീയുണ്ടെന്ന് മനസ്സിലാക്കുന്നത് ചിലർക്ക് പ്രത്യക്ഷമായ അറിവുതന്നെയാണ്. ഇവരുടെ വീക്ഷണത്തിൽ ആ തീ എന്തിന്, എങ്ങനെ ഉണ്ടായി എന്നു മനസ്സിലാക്കലാണ് تفقه. പദത്തിന്റെ ഈ അർഥ തലം പരിഗണിക്കുമ്പോൾ ഇവിടെ ആവശ്യപ്പെടുന്ന അറിവ് ദീനിന്റെ പ്രാഥമിക കാര്യങ്ങളിൽ പരിമിതമല്ല; ദീനിന്റെ ആന്തരാർഥങ്ങളും ഗഹനമായ ലക്ഷ്യങ്ങളും കൂടി ഗ്രഹിക്കുകയാണ്. അതാണ് ഓരോ ഗണത്തിൽനിന്നും കുറച്ചാളുകളെങ്കിലും നിർവഹിക്കേണ്ട ദൗത്യം (فرض كفاية). പ്രാഥമിക വിദ്യാഭ്യാസം ഓരോ വിശ്വാസിയുടെയും നിർബന്ധബാധ്യതയാണ്. അവരവരുടെ ഗണത്തിൽ എല്ലാവർക്കും അതു നൽകേണ്ടത് تفقه നേടിയവരുടെ ചുമതലയുമാണ്. അതാണ്, وَلِيُنذِرُوا۟ قَوْمَهُمْ إِذَا رَجَعُوٓا۟ إِلَيْهِمْ എന്ന വാക്യത്തിന്റെ താൽപര്യം.

ഇസ്‌ലാമിക കർമശാസ്ത്രത്തെ فقه എന്നാണ് സാങ്കേതികമായി വ്യവഹരിക്കാറുള്ളത്. അതിൽ വിജ്ഞരായവരെ فقهاء എന്നുവിളിക്കുന്നു. അതതു കാലത്തിന്റെ സാമൂഹിക സവിശേഷതകളുമായി മതനിയമങ്ങളെ കൂട്ടിയിണക്കാൻ പര്യാപ്തമാംവണ്ണം ദീനീ പ്രമാണങ്ങളിലും നിയമങ്ങളിലും ഉൾക്കാഴ്ചയുള്ളവരാണ്, ആയിരിക്കണം ഫുഖഹാക്കൾ. പഴയ ഗ്രന്ഥങ്ങളിൽ പൂർവ പണ്ഡിതന്മാർ എഴുതിവെച്ചത് ഉരുവിട്ടു പഠിക്കുന്നത് പ്രത്യക്ഷ വിജ്ഞാനം (علم الشهادة) ആണ്. അവയിലൂടെ പുതിയകാലത്തെയും സമൂഹത്തെയും വ്യാഖ്യാനിക്കാനുള്ള പ്രാവീണ്യമാണ് تفقه.

എന്നാൽ, ഇക്കാലത്ത് 'ഫിഖ്ഹ്' എന്നു വിളിക്കപ്പെടുന്നത് ആരാധനകളെയും വ്യവഹാരങ്ങളെയും സംബന്ധിച്ച് പൂർവ

കാല പണ്ഡിതന്മാർ അവരുടെ സാഹചര്യത്തിനനുസൃതമായി ക്രോഡീകരിച്ച കർമശാസ്ത്രത്തെയാണ്. അവ രേഖപ്പെടുത്തിയ ഗ്രന്ഥങ്ങൾ ചൊല്ലിപ്പഠിക്കുന്നവരാണ് ഫുഖഹാക്കൾ. പൂർവ ഗ്രന്ഥങ്ങൾക്കപ്പുറത്തേക്ക് ചിന്തിക്കുന്നവർ ദീനിന്റെ അതിരുകൾ ഭേദിക്കുന്നവരാണെന്നു പ്രചരിപ്പിക്കപ്പെടുകയും ചെയ്തു. ഇസ്‌ലാമിക ചിന്ത മുരടിച്ചു പോകുന്നതിനും നിയമങ്ങൾ സാമൂഹിക സാഹചര്യവുമായി പൊരുത്തപ്പെടാതാകുന്നതിനും ഇതു വലിയൊരു കാരണമായിത്തീർന്നു.

മൂലത്തിലെ فِرْقَةٍനെയാണ് ഗണം എന്ന് തർജമ ചെയ്തിരിക്കുന്നത്. വലിയ സമൂഹത്തിലെ പ്രത്യേക ഘടകമാണ് ഭാഷാർഥത്തിൽ فِرْقَةٍ. അതു ഗ്രാമമാകാം, തെരുവാകാം, ഗോത്രമാകാം. ഒരു സമൂഹത്തിൽ ഏതെങ്കിലും പ്രത്യേക ദൗത്യത്തിലോ സിദ്ധാന്തത്തിലോ യോജിക്കുന്നവരുടെ ഗ്രൂപ്പാണ് طَآئِفَةٌ. അതിലെ അംഗസംഖ്യ എത്രയുമാകാം. ഓരോ ഗ്രാമത്തിൽനിന്നും അല്ലെങ്കിൽ ഗോത്രത്തിൽനിന്നും ഒരുകൂട്ടം ആളുകൾ ദീനിൽ تفقه നേടാൻ പുറപ്പെടണം. അവരുടെ എണ്ണം തീരുമാനിക്കേണ്ടത് സമൂഹത്തിന്റെ മൊത്തം ജനസംഖ്യയും ജീവിത സാഹചര്യവും കണക്കിലെടുത്തുകൊണ്ട് അവരുടെ നേതൃത്വമാണ്. ദീനിൽ അവഗാഹം നേടുക ഗണത്തിലെ ഒരു ഗ്രൂപ്പിൽ മാത്രം ചുമത്തിയതിൽനിന്ന് അതൊരു സാമൂഹിക ബാധ്യതയാണെന്നു വ്യക്തമാകുന്നു.

ആദ്യകാല വിശ്വാസികൾ പ്രത്യേക കൽപനയില്ലാതെ തന്നെ ദീനിൽ അവഗാഹം നേടുന്നതിൽ ദത്തശ്രദ്ധരായിരുന്നു. ജീവിതായോധനത്തെയും വിദ്യാഭ്യാസത്തെയും അവർ കൂട്ടിയിണക്കിയിരുന്നത് ഇങ്ങനെയാണ്. അടുത്തടുത്ത് താമസിക്കുന്ന രണ്ട് പ്രവാചക ശിഷ്യന്മാരിൽ ഓരോരുത്തരും ഊഴമിട്ട് ഓരോ ദിവസം പ്രവാചക സന്നിധിയിൽ ഹാജരാവുക. അന്ന് മറ്റേയാൾ അയാളുടെ ജോലിക്കുപോകും. പ്രവാചക സദസ്സിൽ പങ്കെടുത്തയാൾ തിരിച്ചുവന്ന് അന്നു പഠിച്ചതെല്ലാം തന്റെ സഹോദരനെ പഠിപ്പിക്കും. പിറ്റേന്ന് മറ്റേയാളും ഇതുതന്നെ ചെയ്യും. പക്ഷേ, പിൽക്കാലത്ത് ഇസ്‌ലാമിക സമൂഹം വികസിക്കുകയും ദുർബല വിശ്വാസികളും കപടന്മാരും കാട്ടറബികളുമെല്ലാം അതിൽ അംഗങ്ങളാവുകയും ചെയ്തപ്പോൾ അവരിലേറെപ്പേർക്കും ഇതിലൊന്നും താൽപര്യമില്ലാതായി. ഖുർആൻ ഈ പശ്ചാത്തലത്തിൽ ഉണർത്തുകയാണ്, ദീനീ വിജ്ഞാനമാർജിക്കുന്നതിൽ നിങ്ങളിൽ പലരും അനാസ്ഥ കാണിക്കുന്നുണ്ട്. ഇനി അതുപറ്റില്ല. ഓരോ ഗണത്തിൽനിന്നും ഒരു കൂട്ടമാളുകൾ പ്രവാചക സന്നിധിയിൽ വന്ന് ദീനിൽ അവഗാഹം നേടിക്കൊണ്ടിരിക്കണം. അനന്തരം തിരിച്ചുപോയി സ്വജനങ്ങളെ ഉൽബോധിപ്പിക്കുകയും വേണം. അങ്ങനെയായാൽ ഓരോ ഗണത്തിനും അവരുടെ ജീവിത വ്യവഹാരങ്ങൾ മുടക്കംകൂടാതെ നടത്താം. അതോടൊപ്പം പ്രവാചകനിൽ നിന്നുള്ള വിജ്ഞാന വെളിച്ചം കൊണ്ടനുഗൃഹീതരാവുകയും ചെയ്യാം.

വിദ്യാഭ്യാസത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി ഹദീസുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. "ഓരോ മുസ്‌ലിം സ്ത്രീയുടെയും പുരുഷന്റെയും നിർബന്ധബാധ്യതയാണ് വിദ്യാഭ്യാസം", "ചൈനയിൽ പോയെങ്കിലും വിദ്യയഭ്യസിക്കണം" തുടങ്ങിയ വചനങ്ങൾ സുവിദിതമാണല്ലോ. പ്രവാചകൻ പ്രസ്താവിച്ചതായി മുസ്‌ലിം ഉദ്ധരിക്കുന്നു: من يرد الله به خيرا يفقهه فى الدين (അല്ലാഹു ഒരുവന് നന്മയുദ്ദേശിച്ചാൽ അവനെ ദീനിൽ അവഗാഹമുള്ളവനാക്കുന്നു). പ്രവാചകനിൽനിന്ന് അബൂദർദാഅ് എന്ന ശിഷ്യൻ കേട്ടതായി തിർമുദി ഉദ്ധരിക്കുന്നു: "ഒരുവൻ ജ്ഞാനാന്വേഷണത്തിന്റെ മാർഗത്തിൽ പ്രവേശിച്ചാൽ അല്ലാഹു അവന് സ്വർഗത്തിലേക്കുള്ള മാർഗം എളുപ്പമാക്കിക്കൊടുക്കുന്നു. മലക്കുകൾ സന്തോഷത്താൽ അവയുടെ ചിറകുകൾ വിദ്യാർഥിക്കു വിരിച്ചുകൊടുക്കുന്നു. വിജ്ഞനുവേണ്ടി ആകാശഭൂമികളിലുള്ളവരൊക്കെയും, വെള്ളത്തിനടിയിലെ മത്സ്യങ്ങൾ വരെ പാപമോചനം തേടുന്നു. വിജ്ഞന് ആരാധകനെക്കാൾ ഉള്ള ശ്രേഷ്ഠത, പൗർണമി നാളിൽ ചന്ദ്രന് മറ്റു നക്ഷത്രങ്ങളേക്കാൾ ഉള്ള ശ്രേഷ്ഠതക്കു തുല്യമാകുന്നു. വിദ്വാന്മാർ പ്രവാചകന്മാരുടെ അനന്തരാവകാശികളാകുന്നു. പ്രവാചകന്മാരാകട്ടെ, സ്വർണവും വെള്ളിയും അനന്തരം നൽകുന്നില്ല; വിജ്ഞാനമാണ് അവരുടെ അനന്തരസ്വത്ത്. ആരെങ്കിലും അതു സ്വീകരിച്ചാൽ അവൻ സമൃദ്ധമായ വിഹിതം സ്വീകരിച്ചു."

**123:** ഈ സൂറയുടെ ആകത്തുക ഒരിക്കൽ കൂടി ഉണർത്തുകയാണ്. ഇസ്‌ലാമിനോടും പ്രവാചകനോടും വിരോധം പുലർത്തുന്നവരെ ഈ ദീനിന്റെ സത്യവും അവരുടെ നിലപാടിന്റെ മിഥ്യയും എല്ലാ തെളിവുകളോടും ന്യായവാദങ്ങളോടുംകൂടി സുവ്യക്തമായി ബോധ്യപ്പെടുത്തിയിട്ടും അവർ സത്യനിഷേധത്തിലും ശത്രുതയിലും തന്നെ ഉറച്ചുനിൽക്കുകയും ആക്രമണ നടപടികൾ തുടരുകയും ചെയ്യുകയാണ്. സമാധാന സന്ധികളൊന്നും മാനിക്കാൻ കൂട്ടാക്കുന്നുമില്ല. അല്ലാഹുവിനും അവന്റെ ദൂതനും ഇത്തരക്കാരുമായി യാതൊരു തരത്തിലുള്ള സന്ധിബന്ധമോ ഉത്തരവാദിത്വമോ ഇല്ലെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് സൂറ ആരംഭിച്ചത്. തുടർന്ന യുദ്ധോത്സുകരായ എല്ലാ ശത്രുക്കൾക്കും അവരുടെ നിലപാട് പുനഃപരിശോധിക്കാൻ നാലുമാസത്തെ അവധി നൽകി. ഈ അവധിക്കുള്ളിൽ നിലപാട് മാറ്റാത്തവരോട് തുറന്ന യുദ്ധംചെയ്യാൻ കൽപിച്ചു. എന്നാൽ, സമാധാനക്കരാറുകൾ പ്രതിബദ്ധതയോടെ പാലിച്ചുവരുന്നവരോട് അങ്ങോട്ടും അതേ നിലയിൽ കരാറുകൾ മാനിച്ചു വർത്തിക്കണമെന്നും അനുശാസിച്ചു. അതേസമയം സത്യനിഷേധവും ഇസ്‌ലാം വിരോധവും സ്വഭാവമാക്കിയവരെ, അവരെത്രതന്നെ ഉറ്റബന്ധുക്കളായാലും, അവരുമായുള്ള ബന്ധത്തിലൂടെ ഏതൊക്കെ ഭൗതിക നേട്ടങ്ങളുണ്ടാകുമെങ്കിലും ശരി, ശത്രുക്കളായിത്തന്നെ കരുതി ജിഹാദ് ചെയ്യണമെന്നും 23-24 സൂക്തങ്ങളിൽ ഉദ്ബോധിപ്പിച്ചു. ഭൗതിക താൽപര്യങ്ങളുടെ പേരിൽ ധർമവിരോധികളെ ചെറുക്കാൻ തയാറാവാത്തവർ കപട വിശ്വാസികളാണെന്ന് ഓർമിപ്പിക്കുകയും ചെയ്തു. 73-ാം സൂക്തത്തിൽ സത്യനിഷേധികളോടെന്ന പോലെ അത്തരം കപടന്മാരോടും കർക്കശമായി സമരം ചെയ്യാനാഹ്വാനം ചെയ്തു. ആ ആഹ്വാനത്തിന്റെ ഒരാവർത്തനമാണ് ഈ സൂക്തം.

كافرون (സത്യനിഷേധികൾ) എന്ന പദത്തിന്റെ കൂടുതൽ അർഥപുഷ്ടമായ രൂപമാണ് كفّار. കൊടിയ സത്യനിഷേധി, മുരത്ത ധിക്കാരി എന്നൊക്കെ അർഥം. ഇസ്‌ലാം സത്യമാണെന്ന് എല്ലാ തെളിവുകളിലൂടെയും ന്യായങ്ങളിലൂടെയും ബോധ്യപ്പെട്ടിട്ടും അതു തള്ളിക്കളഞ്ഞ് മുസ്‌ലിംകൾക്കെതിരെ ശത്രുതാപരമായ ആക്രമണങ്ങളിലേർപ്പെട്ടവരാണ് ഇവിടെ كفّار കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അത്തരം ശത്രുക്കളിൽ ഏറ്റം അടുത്തുള്ളവരോട്, അല്ലെങ്കിൽ നിങ്ങൾക്കുനേരെ പാഞ്ഞടുക്കുന്നവരോട് ആദ്യം പോരാടണം. ഇവിടെ ഉദ്ദിഷ്ടമായ അടുപ്പം സ്ഥലപരമായതു മാത്രമല്ല; കുടുംബപരവും അയൽപക്കപരവും വ്യവഹാരപരവുമായ അടുപ്പങ്ങൾ കൂടിയാണ്. ദീനിന്റെ കൊടിയ ശത്രുക്കളിൽ അത്തരം ബന്ധങ്ങളുള്ളവരോട് കർക്കശമായി വർത്തിക്കാൻ വിശ്വാസ ദാർഢ്യമില്ലാത്തവരും കപടവിശ്വാസികളും മടിച്ചിരുന്നു. ശത്രുക്കളോട് കഴിയുന്നത്ര സഹകരിക്കാനായിരുന്നു അവർക്കു താൽപര്യം. ഇത് ഇസ്‌ലാമിക സമൂഹത്തിന്റെ ഉള്ളിൽതന്നെ അതിന്റെ ശത്രുക്കളെയും വിഘടനവാദികളെയും പ്രോ

ത്സാഹിപ്പിക്കലായിരുന്നു. ഈ സാഹചര്യത്തിൽ ഉണർത്തുക യാണ്; അല്ലാഹുവിലും അവന്റെ ദൂതനിലും സത്യസന്ധമായ വിശ്വാസമുള്ളവർ അവരുടെ ശത്രുക്കളായ കൊടിയ സത്യനി ഷേധികളോട് യാതൊരു സൗമനസ്യവും കാട്ടാൻ പാടില്ല. അ ത്തരക്കാരോട് ശൗര്യത്തോടെ പോരാടുകയാണ് വിശ്വാസികളു ടെ ധർമം; അവർ എത്ര അടുത്തവരായാലും ഉറ്റവരായാലും ശരി.

ഇസ്‌ലാമിന്റെ സമര നയം വ്യക്തമാക്കുന്ന ഒരർഥ തലവും ഈ വചനത്തിനുണ്ട്. പ്രബോധനം പോലെ സമരവും അടുത്തവരിൽനിന്നാണാരംഭിക്കേണ്ടത്. പ്രവാചകനോട് ആദ്യം പ്രബോധനം ചെയ്യാൻ കൽപിച്ചത് സ്വന്തം കുടുംബത്തെയാണ്. وَأَنذِرْ عَشِيرَتَكَ ٱلْأَقْرَبِينَ (നിന്റെ ഏറ്റം അടുത്ത കുടുംബക്കാരെ പ്രബോധനം ചെയ്യുക -26:214). പിന്നീട് അത് അറേബ്യൻ പ്രദേ ശങ്ങളിലേക്ക് വികസിച്ചു. പ്രവാചകന് വെളിപാട് നൽകിയത്, وَلِتُنذِرَ أُمَّ ٱلْقُرَىٰ وَمَنْ حَوْلَهَا (കേന്ദ്ര നഗരത്തെയും ചുറ്റുമുള്ള ജന തകളെയും നീ പ്രബോധനം ചെയ്യാൻ) ആണെന്ന് 6:92-ൽ പ്രസ്താവിച്ചു. അനന്തരം ഈ ഖുർആൻ വെളിപ്പെടുത്തപ്പെട്ടിരി ക്കുന്നത്, وَأُوحِيَ إِلَيَّ هَٰذَا ٱلْقُرْءَانُ لِأُنذِرَكُم بِهِۦ وَمَنۢ بَلَغَ (എനിക്ക് ഈ ഖുർആൻ വെളിപാടു ലഭിച്ചത് ഞാൻ ഇത് നിങ്ങൾ അറബി കളെയും ഇതെത്തുന്ന എല്ലാ ജനതകളെയും പ്രബോധനം ചെയ്യാൻ വേണ്ടിയാകുന്നു) എന്ന് 6:19-ൽ പ്രസ്താവിച്ചു. ജിഹാ ദിന്റെ ക്രമവും ഇതുതന്നെ. ആദ്യം ജിഹാദ് ചെയ്യേണ്ടത് സ്വന്തം ദുർവികാരങ്ങളോടും ദുശ്ശീലങ്ങളോടുമാണ്. പിന്നീട് സ്വകുടും ബത്തിന്റെ അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും. പിന്നെ അയൽക്കാരുടെയും നാട്ടുകാരുടെയും അധർമങ്ങ ളോടും അക്രമങ്ങളോടും. അതിനു ശേഷമാണ് പുറംനാട്ടുകാരു മായുള്ള ജിഹാദിന്റെ ഊഴം. എന്നാൽ പുറംലോകത്തുനിന്ന് ആക്രമണങ്ങളുണ്ടാകുമ്പോൾ അടുത്തുള്ള ശത്രുക്കളോടൊപ്പം അവരോടും പോരാടേണ്ടിവരും.

അകലെയുള്ളവരുടെ ശത്രുതയെക്കാൾ മാരകമാണ് അടു ത്തുള്ളവരുടെ ശത്രുത. അകത്തുള്ള ശത്രുക്കൾ സമൂഹത്തിന്റെ വ്രണങ്ങളാണ്. അനുകൂല സാഹചര്യമുണ്ടായാൽ അത് പെട്ടെന്ന് ഗുരുതരമാവുകയും സമൂഹത്തെ ഒന്നടങ്കം കലാപക ലുഷമാക്കുകയും ചെയ്യും. പലപ്പോഴും പുറത്തുനിന്നുള്ള ശത്രു ക്കൾക്ക് കടന്നുവരാനുള്ള കവാടമായും ആഭ്യന്തര ശത്രുക്കൾ മാറുന്നു. മദീനയിലെ യഹൂദരുടെ സാന്നിധ്യം ഈ ആപത്തിന്റെ ഗൗരവം വളരെ വ്യക്തമായി മുസ്‌ലിംകൾക്ക് കാണിച്ചുകൊടു ക്കുകയുണ്ടായി. ബനൂഖുറൈള, ബനുന്നദീർ തുടങ്ങിയ യഹൂദ ഗോത്രങ്ങൾ സായുധ നടപടിയിലൂടെ മദീനയിൽനിന്ന് പുറത്താ ക്കപ്പെട്ടത് അതുകൊണ്ടാണ്.

ശക്തി, ശൗര്യം, കാർക്കശ്യം, പാരുഷ്യം തുടങ്ങിയ ആശ യങ്ങൾ വഹിക്കുന്ന പദമാണ് غِلْظَةً. ബന്ധുക്കളോ അയൽക്കാരോ സുഹൃത്തുക്കളോ ആണെന്നു കരുതി അക്രമാ സക്തരായ ശത്രുക്കളോട് വിട്ടുവീഴ്ച കാണിക്കരുത്. അധർമി കൾക്കെതിരെ വിശ്വാസികൾ ശൗര്യവും ശക്തിയും കാർക്ക ശ്യവുമുള്ളവരാണെന്നവർക്കനുഭവപ്പെടണം. അവരോട് കാണി ക്കുന്ന സൗമനസ്യം അവരുടെ നിലപാടുകൾക്കുള്ള അംഗീകാര മായിട്ടാണ് കരുതപ്പെടുക. ഇതാണ് وَلْيَجِدُوا۟ فِيكُمْ غِلْظَةً എന്ന വാക്യത്തിന്റെ താൽപര്യം.

وَٱعْلَمُوٓا۟ أَنَّ ٱللَّهَ مَعَ ٱلْمُتَّقِينَ (അല്ലാഹുവുള്ളത് ഭക്തന്മാരോ ടൊപ്പമാണെന്ന് അറിഞ്ഞിരിക്കുവിൻ) എന്ന വാക്യത്തിന് ഇവിടെ രണ്ടു മാനങ്ങളുണ്ട്. ഒന്ന്, ശത്രുക്കളെ നേരിടുന്നതിൽ ദൗർബല്യവും ഭീരുത്വവും കാണിക്കരുത്. അല്ലാഹുവിന്റെ ഭക്ത ന്മാരോടൊപ്പം അവന്റെ സഹായവും സാന്നിധ്യവുമുണ്ട്. മുത്തഖികൾ (അല്ലാഹുവിനോട് ഭയഭക്തിയും അവന്റെ വിധിവി ലക്കുകൾ പാലിക്കുന്നതിൽ സൂക്ഷ്മതയും ഉള്ളവർ) ആണെ ങ്കിൽ വിജയം നിങ്ങൾക്കു തന്നെ ആയിരിക്കും. മുത്തഖികൾക്കു മുമ്പിൽ ദൈവധിക്കാരികളും ശത്രുക്കളും എപ്പോഴും നിന്ദ്യരും നിസ്സാരരുമാകുന്നു. അല്ലാഹുവിന്റെ معية സാന്നിധ്യത്തിന്റെ അനി വാര്യതയാണ് അവന്റെ സഹായവും അതുവഴിയുള്ള വിജയ വും. 'അല്ലാഹു കൂടെയുണ്ട്' എന്ന് പറയുന്നതിനർഥം, അല്ലാഹു വിന്റെ സഹായവും അനുഗ്രഹവുമുണ്ട് എന്നാണ്.

രണ്ടാമത്തെ അർഥം വിശ്വാസികൾക്കുള്ള താക്കീതാണ്. ശത്രുക്കളെ കർശനമായി നേരിടണം എന്നു പറഞ്ഞതിനർഥം, അവരോട് എന്തക്രമവും അനീതിയും ചെയ്യാമെന്നല്ല; ഏതു സാഹചര്യത്തിലും വിശ്വാസികൾ നീതിയും ധർമവും മുറുകെ പിടിക്കണം. അല്ലാഹുവിന്റെ വിധിവിലക്കുകൾ സൂക്ഷ്മതയോ ടെ പാലിക്കണം. അങ്ങനെയുള്ള മുത്തഖികളുടെ കൂടെയാണ് അല്ലാഹുവുള്ളത്, അക്രമികളുടെയും അധർമികളുടെയും കൂടെ അവനില്ല. ശത്രുക്കൾ സന്ധിക്ക് തയാറായാൽ അതംഗീകരിക്കു ക, സമാധാനക്കരാറുകൾ പ്രാബല്യത്തിലുള്ളവരെ അക്രമിക്കാ തിരിക്കുക, ആദരണീയ മാസങ്ങളിൽ യുദ്ധത്തിലേർപ്പെടാതിരി ക്കുക, ശത്രുവിഭാഗത്തിലെ ദുർബലരായ വൃദ്ധരെയും സ്ത്രീക ളെയും കുട്ടികളെയും ദ്രോഹിക്കാതിരിക്കുക, കൃഷികൾ നശിപ്പി ക്കാതിരിക്കുക തുടങ്ങിയ ഒട്ടേറെ നിയമങ്ങൾ യുദ്ധ സംബന്ധി യായി ഇസ്‌ലാം നിശ്ചയിച്ചിട്ടുണ്ട്. അവയൊക്കെ പാലിച്ചുകൊ ണ്ടായിരിക്കണം സത്യവിശ്വാസികൾ യുദ്ധം ചെയ്യുന്നത്. അവർക്കേ അല്ലാഹുവിന്റെ അനുഗ്രഹമുണ്ടാകൂ. ദൈവിക നിയ മങ്ങളൊന്നും പരിഗണിക്കാതെ അന്ധമായ നശീകരണത്തിലും നരഹത്യയിലും ഏർപ്പെടുന്നവർക്ക് ദൈവാനുഗ്രഹത്തിനു പകരം ദൈവ ശിക്ഷയായിരിക്കും ലഭിക്കുക. ■